## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2376** **12-02-2024 - ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ രണ്ടാംവിള നെല്ല് സംഭരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ രണ്ടാംവിള നെല്ല് സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങളും സ്വീകരിച്ചു വരുന്ന നടപടികളും വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ഓരോ സംഭരണ സീസണിലും സുഗമമായ നെല്ല് സംഭരണം നടത്തുന്നതിന് പൊതു നടപടികൾ സ്വീകരിച്ചുവരുന്നു. നെല്ല് സംഭരണം ആരംഭിക്കുന്നതിന്റെ പ്രഖ്യാപനം പത്രദ്വാരാ പരസ്യപ്പെടുത്തുകയും താൽപ്പര്യമുള്ള കർഷകരോട് രജിസ്റ്റർ ചെയ്യുവാൻ അറിയിക്കുകയും ചെയ്യുന്നു. സപ്ലൈകോയുടെ പാഡി പോർട്ടലിലാണ് കർഷക രജിസ്ട്രേഷൻ നടത്തേണ്ടത്. കൃഷി ഓഫീസർമാർ കർഷകർ ഓൺലൈനായി സമർപ്പിച്ചിട്ടുള്ള രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ച് അംഗീകാരം നൽകുന്നു. തുടർന്ന് സപ്ലൈകോയുടെ പാഡി മാർക്കറ്റിംഗ് ഓഫീസർ അപേക്ഷകൾ അംഗീകരിക്കുന്നു.<br><br>സപ്ലൈകോയുമായി സംഭരണത്തിന് കരാർ ഒപ്പിട്ടിട്ടുള്ള മില്ലുകൾക്ക് വിളവെടുപ്പ് പ്രഖ്യാപിക്കപ്പെടുന്ന മുറയ്ക്ക് കർഷകരുടെ പക്കൽനിന്നും നെല്ല് സംഭരിക്കുന്നതിനുള്ള അനുവാദം നൽകുന്നു.<br><br>സംഭരിക്കപ്പെടുന്ന നെല്ല് കേന്ദ്ര മാനദണ്ഡപ്രകാരം അരിയാക്കി പൊതുവിതരണ ശൃംഖലയിലേയ്ക്ക് എത്തിക്കുകയും വിതരണം ചെയ്യപ്പെടുന്ന അരിയുടെ കണക്കനുസരിച്ച് കേന്ദ്ര വിഹിതത്തിനായി ക്ലെയ്മുകൾ സമർപ്പിക്കുകയും ചെയ്യുന്നു. കേന്ദ്രസർക്കാരിൽനിന്നും താങ്ങുവില ലഭിക്കാനുണ്ടാവുന്ന കാലതാമസംമൂലം കർഷകന് സംഭരണവില ലഭിക്കുന്നത് വൈകുന്നത് ഒഴിവാക്കുന്നതിനായി ബാങ്കുകളുമായി സഹകരിച്ച് പി.ആർ.എസ്. വായ്പ നൽകാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുമുണ്ട്. ഈ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി സപ്ലൈകോയുടെയും കൃഷി വകുപ്പിൽ നിന്നും പൊതുവിതരണ വകുപ്പിൽ നിന്നും ഉള്ള ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ചിട്ടുണ്ട്. രണ്ടാംവിള നെല്ല് സംഭരണത്തിനും മേൽ വിവരിച്ച എല്ലാ ഒരുക്കങ്ങളും ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | നെല്ല് സംഭരണത്തിന് മില്ലുകളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | 2023-24 സീസണിൽ 58 മില്ലുകളുമായി സപ്ലൈകോ ധാരാണപത്രം ഒപ്പ് വച്ചിട്ടുണ്ട്. |
| (സി) | നെല്ലിന്റെ സംഭരണവില നൽകുന്നതിന് ബാങ്കുകളുമായി ധാരണയിലെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കാമോ? | (സി) | **സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് നെല്ലിന്റെ സംഭരണവില നൽകുന്നതിന് 2023-24 ലും ബാങ്കുകളുമായി സപ്ലൈകോ ധാരണയിലെത്തിയിട്ടുണ്ട്. കാനറ ബാങ്ക്, എസ്.ബി.ഐ എന്നീ ബാങ്കുകൾ മുഖേന 2023-24 ക്രോപ്പ് 1 സീസണിൽ, ഒക്ടോബർ 2023 മുതൽ 2024 ജനുവരി വരെ കർഷകർക്ക് സംഭരിച്ച നെല്ലിന്റെ തുക പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം നൽകി വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ